"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വിവിധ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നും അനുവദിച്ചിട്ടുള്ള വായ്പകൾക്ക് റിസ്ക് ഫണ്ട് നിയമാവലിയിൽ ഇളവ് വരുത്തി നൽകുന്ന ധനസഹായം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.116/2025/Co-Op തീയതി,തിരുവനന്തപുരം, 03-03-2025

---

പരാമർശം:-

1. കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡിന്റെ 22.01.2025 ലെ 4-ാം നമ്പർ തീരുമാനം.
2. കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ് ജോയിന്റ് രജിസ്ട്രാർ / സെക്രട്ടറിയുടെ 18.02.2025 ലെ 10251/2023 നമ്പർ കത്ത്.

**ഉത്തരവ്**

വിവിധ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ നിന്നും അനുവദിച്ചിട്ടുള്ള വായ്പകൾക്ക് ചട്ടപ്രകാരം റിസ്ക് ഫണ്ട് അനുവദിക്കുവാൻ കഴിയാത്ത ചില കേസ്സുകളിൽ മാനുഷിക പരിഗണന നൽകി ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി, റിസ്ക് ഫണ്ട് വ്യവസ്ഥ 13(6) പ്രകാരം നിബന്ധനകളിൽ ഇളവ് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സഹകരണ വികസന ക്ഷേമനിധി ബോർഡ് തീരുമാനമെടുക്കുകയും പരാമർശം (2) ലെ കത്ത് പ്രകാരം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറി സർക്കാരിൽ ശുപാർശ ചെയ്യുകയുമുണ്ടായി.

2 ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ജോയിന്റ് രജിസ്ട്രാറുടെ കത്ത് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ ചേർത്തിരിക്കുന്നവരുടെ വായ്പകൾക്ക് നാലാമത് കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള റിസ്ക് ഫണ്ട് നിയമാവലിയിലെ വ്യവസ്ഥയിൽ ഇളവ് നൽകി അഞ്ചാമത്തെ കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക അനുവദിക്കണമെന്നുമാണ് ശുപാർശ ചെയ്തിട്ടുള്ളത്.

| ക്രമ നം | വായ്പ എടുത്ത ആളുടെ പേര് | വായ്പ അനുവദിച്ച സഹകരണ ബാങ്ക് | ഇളവ് അനുവദിക്കുന്ന നിബന്ധന | റിസ്ക് ഫണ്ട് ധനസഹായ തുക (രൂപയിൽ) |
|---|---|---|---|---|
| 1. | ശ്രീ. സിൽവിസ്റ്റർ. എ | നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നം. 417 | | 67,137/- (അറുപത്തി ഏഴായിരത്തി ഒരുന്നൂറ്റി മുപ്പത്തി |

| | | | | |
|---|---|---|---|---|
| | | (വായ്പ്പാ നമ്പർ - **HSF 53/2017** | 4(ബി) | ഏഴ് രൂപ മാത്രം) |
| | | വായ്പ്പാ നമ്പർ - **AGO 51/17** | 4(ബി) | 50,000/- (അൻപതിനായിരം രൂപ മാത്രം) |
| 2. | ശ്രീ. സുഭാഷ് | ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നം. പി. 620 | 4(ബി) | 44,853/- (നാൽപ്പത്തി നാലായിരത്തി എണ്ണൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) |
| 3. | ശ്രീമതി രുഗ്മിണി | ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നം. പി. 620<br>(വായ്പ്പാ നമ്പർ - **VFKS 0079/20-21** | 5 | 50,000/- (അൻപതിനായിരം രൂപ മാത്രം) |
| | | വായ്പ്പാ നമ്പർ - **VNRB 0284/20-21** | 5 | 50,000/- (അൻപതിനായിരം രൂപ മാത്രം) |
| 4. | ശ്രീ. അബ്ദുൾ ഗഫൂർ | ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ പി 620 | 4(ബി) | 1,05,656/- (ഒരു ലക്ഷത്തി അയ്യായിരത്തി അറുനൂറ്റി അൻപത്തി ആറ് രൂപ മാത്രം) |
| | | | **ആകെ** | **3,67,646/- (മൂന്ന് ലക്ഷത്തി അറുപത്തി ഏഴായിരത്തി അറുനൂറ്റി നാൽപത്തി ആറ് രൂപ മാത്രം)** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ റിസ്ക് ഫണ്ട് നിയമാവലിയുടെ ബന്ധപ്പെട്ട നിബന്ധനകളിൽ ഇളവ് വരുത്തി മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള **3,67,646/- (മൂന്ന് ലക്ഷത്തി അറുപത്തി ഏഴായിരത്തി അറുനൂറ്റി നാൽപത്തി ആറ് രൂപ)** റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുവാൻ അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DILEEP S M
ഡെപ്യൂട്ടി സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ്, ടി.സി. 25/357(4), ഗാന്ധാരിയമ്മൻ കോവിൽ റോഡ്, സ്റ്റാച്യൂ, തിരുവനന്തപുരം

ബന്ധപ്പെട്ട അപേക്ഷകർക്ക് (കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ജോയിന്റ് രജിസ്ട്രാർ മുഖേന)
ഐ & പി ആർ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rajesh S
Date: 04-03-2025 10:10:14

സെക്ഷൻ ഓഫീസർ